**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2451** **24-06-2024 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന സഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് അർഹമായ എന്തെല്ലാം സഹായങ്ങൾ കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചിട്ടുണ്ട്; എന്തെല്ലാം സഹായങ്ങൾ തടഞ്ഞു വച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) | *GST നഷ്ടപരിഹാരം നിർത്തലാക്കിയത്, റവന്യൂകമ്മി ഗ്രാന്റ് 2023-24 ന് ശേഷം ലഭ്യമാകാതിരിക്കുന്നത്, സംസ്ഥാന സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശസ്ഥാപനങ്ങളായ KIIFB, KSSPL മുതലായവ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാനത്തിന്റെ കടത്തിൽ ഉൾപ്പെടുത്തുന്നത്, 2017 ആഗസ്റ്റിന് ശേഷം പൊതു കണക്കിനത്തിലെ നീക്കിയിരിപ്പ് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽ ഉൾപ്പെടുത്തിയത്, ഡിവിസിബിൾ പൂൾ വഴി സംസ്ഥാനത്തിന് ലഭ്യമാകേണ്ട നികുതി വിഹിതത്തിന്റെ ശതമാനത്തിൽ മുൻ ധനകാര്യ കമ്മീഷനുകളെ അപേക്ഷിച്ച് നിലവിലെ ധനകാര്യ കമ്മീഷന്റെ കാലയളവിൽ കുറവുണ്ടായത് എന്നിവ മൂലം 2024-25 സാമ്പത്തിക വർഷം സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്ന് ലഭ്യമാകേണ്ട തുകയിൽ ഏകദേശം 57000 കോടി രൂപയുടെ കുറവുണ്ടാകുമെന്നാണ് അനുമാനിക്കുന്നത്. കൂടാതെ ബ്രാൻഡിംഗ് നിബന്ധനകളുടെ പേരിൽ സംസ്ഥാനത്തിന്റെ മൂലധന ചെലവിനുള്ള സ്പെഷ്യൽ അസിസ്റ്റൻസ് വായ്പയിലും കേന്ദ്ര സർക്കാർ വെട്ടിക്കുറവ് വരുത്തുന്നുണ്ട്.<br><br>*പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലേക്കായി സംസ്ഥാനത്തിന് ലഭിക്കേണ്ട ഗ്രാന്റുകളിൽ 1273.79 കോടി രൂപ കൂടി കേന്ദ്രത്തിൽ നിന്നും ലഭിക്കാനുണ്ട്. ഇതേയിനത്തിൽ നടപ്പ സാമ്പത്തിക വർഷം ലഭിക്കേണ്ട തുക 3001.23 കോടി രൂപയാണ്. 2021-22 സാമ്പത്തിക വർഷം മുതൽ പ്രാദേശിക സർക്കാരുകൾക്കുള്ള 15-ാം കേന്ദ്ര ധനകാര്യ കമ്മീഷൻ ആരോഗ്യ മേഖല ഗ്രാന്റിൽ 1.33 കോടി രൂപയും 2022-23 സാമ്പത്തിക വർഷത്തെ ആരോഗ്യമേഖല ഗ്രാന്റിൽ 137.17 കോടി രൂപയും 2023-24 സാമ്പത്തിക വർഷം മില്ല്യൻ പ്ലസ് സിറ്റീസിനുള്ള 281 കോടി രൂപയും നോൺ മില്ല്യൻ പ്ലസ് സിറ്റീസിനുള്ള 232.64 കോടി രൂപയും ആരോഗ്യ മേഖല ഗ്രാന്റിനുള്ള 586.95 കോടി രൂപയും ചേർത്ത് ആകെ 1239.09 കോടി രൂപ കേന്ദ്ര സർക്കാർ ഇതു വരെയും ലഭ്യമാക്കിയിട്ടില്ല.<br><br>* **ഉന്നതവിദ്യാഭ്യാസ വകുപ്പ് -** ഏഴാം യു.ജി.സി. ശമ്പള പരിഷ്കരണം നടപ്പിലാക്കിയതു മൂലം 01.01.2016 മുതൽ 31.03.2019 വരെയുള്ള കാലയളവിൽ യൂണിവേഴ്സിറ്റി അധ്യാപകർക്കും കോളേജ് |

അധ്യാപകർക്കും കുടിശ്ശികയായി നൽകാനുള്ള കേന്ദ്ര -സംസ്ഥാന വിഹിതമായ 15,01,86,61,176/- രൂപയിൽ (50:50) കേന്ദ്ര വിഹിതമായി 750,93,30,588/- രൂപ (എഴുനൂറ്റി അൻപത് കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി മുപ്പതിനായിരത്തി അഞ്ഞൂറ്റി എൺപത്തിയെട്ട് രൂപ) കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാകാനുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിന്റെ 27-07-2022 തീയതിയിലെ എഫ്.1-1/2018-U. II കത്തു പ്രകാരം സംസ്ഥാന സർവകലാശാലകളിലേയും കോളേജുകളിലെയും അധ്യാപകർക്ക് പുതുക്കിയ വേതനം (ഏഴാം സിപിസി) നടപ്പിലാക്കുന്നതിനുള്ള 50% കേന്ദ്ര വിഹിതം സംസ്ഥാന സർക്കാരുകൾക്ക് തിരികെ നൽകുന്ന പദ്ധതി (reimbursement scheme) 01-04-2022 മുതൽ അവസാനിപ്പിക്കാൻ തീരുമാനിച്ചതായി അറിയിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഈ തീരുമാനപ്രകാരം സംസ്ഥാനത്തിന് അർഹമായ 750,93,30,588/-രൂപ (എഴുനൂറ്റി അൻപത് കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി മുപ്പതിനായിരത്തി അഞ്ഞൂറ്റി എൺപത്തിയെട്ട് രൂപ) ലഭ്യമായിട്ടില്ല.

* ഈ സർക്കാരിന്റെ കാലത്ത് പൊതു വിതരണ ഉപഭോക്തൃകാര്യ വകുപ്പ്, സപ്ലൈകോ എന്നിവയ്ക്ക് കേന്ദ്രസഹായത്തിൽ ചുവടെ പറയും പ്രകാരം കുറവ് വന്നിട്ടുണ്ട്.

1. NFSA 2013 (50% CSS പദ്ധതി) റേഷൻ വിതരണവുമായി ബന്ധപ്പെട്ട് ഗതാഗത കൈകാര്യ ചെലവ്, റേഷൻ വ്യാപാരി കമ്മീഷൻ ഇനങ്ങളിൽ കേന്ദ്ര വിഹിതമായി 2018-2019 മുതൽ 2022-2023 വരെയുള്ള ക്ലെയിമുകൾ തീർപ്പാക്കിയപ്പോൾ 22.1284 കോടി രൂപ കുറവായിട്ടാണ് അനുവദിച്ചിട്ടുള്ളത്.

2. കോവിഡ് 19 കേന്ദ്ര ദുരിതാശ്വാസ പദ്ധതിയായ PMGKAY (100% CSS) റേഷൻ വിതരണവുമായി ബന്ധപ്പെട്ട് ഗതാഗത കൈകാര്യ ചെലവ്, റേഷൻ വ്യാപാരി കമ്മീഷൻ ഇനങ്ങളിൽ കേന്ദ്ര വിഹിതമായി 2020-2021 മുതൽ 2022-2023 വരെയുള്ള ക്ലെയിമുകൾ തീർപ്പാക്കിയപ്പോൾ 39.04 കോടി രൂപ കുറവായിട്ടാണ് അനുവദിച്ചിട്ടുള്ളത്.

3. 2020-2021 കാലയളവിൽ PMGKAY (100% CSS) പദ്ധതിയുമായി ബന്ധപ്പെട്ട് പയർവർഗങ്ങൾ വിതരണം ചെയ്ത വകയിൽ 4.3856 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാനുണ്ട്.

4. ആത്മനിർഭർ ഭാരത് (100% CSS) (2020-2021) റേഷൻ വിതരണവുമായി ബന്ധപ്പെട്ട് ഗതാഗത കൈകാര്യവകുപ്പ് ചെലവ് ഇനത്തിൽ കേന്ദ്ര വിഹിതമായി 15.91 ലക്ഷം രൂപ ലഭിക്കാനുണ്ട്.

5. End to End Computerization on TPDS (50% CSS) പദ്ധതി നടപ്പിലാക്കിയ വകയിൽ 1.2174 കോടി രൂപ ബാക്കി ലഭിക്കുവാനുണ്ട്.

6. Integrated Management of Public Distribution System (100% CSS) (IMPDS)പദ്ധതിയുടെ നാലാം ഇൻസ്റ്റാൾമെന്റ് തുകയായ 26.56 ലക്ഷം രൂപ ലഭിക്കാനുണ്ട്.

| | | | |
|---|---|---|---|
| | | | 7. Consumer Welfare Corpus Fund (75% CSS) നിലവിലെ 10 കോടി രൂപയിൽ നിന്നും 20 കോടി രൂപയിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി കേന്ദ്ര വിഹിതമായ 7.5 കോടി രൂപ ലഭിക്കാനുണ്ട്.<br><br>8. 2021-22 സാമ്പത്തിക വർഷം നെല്ല് സംഭരണ പദ്ധതിക്ക് 1380.91 കോടി രൂപയുടെ ക്ലയിം സമർപ്പിച്ചതിൽ 31.89 കോടി രൂപ വിവിധ കാരണങ്ങളാൽ തടഞ്ഞു വെച്ചിട്ടുണ്ട്.<br><br>9. 2022-23 സാമ്പത്തിക വർഷം നെല്ല് സംഭരണ പദ്ധതിക്ക് 1491.64 കോടി രൂപയുടെ ക്ലെയിം സമർപ്പിച്ചതിൽ 351.23 കോടി രൂപ വിവിധ കാരണങ്ങളാൽ തടഞ്ഞു വെച്ചിട്ടുണ്ട്.<br><br>10. 2023-24 സാമ്പത്തിക വർഷം നെല്ല് സംഭരണ പദ്ധതിക്ക് 1320.5 കോടി രൂപയുടെ ക്ലെയിം സമർപ്പിച്ചതിൽ 195.38 കോടി രൂപ വിവിധ കാരണങ്ങളാൽ തടഞ്ഞു വെച്ചിട്ടുണ്ട്.<br><br>* **കൃഷി വകുപ്പിന്** കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്നതിനായി ലഭ്യമാക്കുന്ന കേന്ദ്ര വിഹിതം മുൻവർഷങ്ങളെ അപേക്ഷിച്ച് നടപ്പ സാമ്പത്തിക വർഷം ഗണ്യമായി കുറഞ്ഞതായി കാണുന്നു. കൂടാതെ ടി പദ്ധതികൾക്കായി 25 ശതമാനം വീതമുള്ള നാല് ഗഡുക്കളായി ലഭ്യമാകുന്ന കേന്ദ്രവിഹിതത്തിൽ പരമാവധി രണ്ടു ഗഡുക്കൾ മാത്രമേ ലഭ്യമാകാറുള്ളൂ. ആയതിനാൽ കേന്ദ്രവിഹിതത്തിന്റെ ഒരു വലിയ തുക സംസ്ഥാനത്തിന് നഷ്ടമാകുന്നു.<br><br>***വനം വകുപ്പ്** നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വനം വകുപ്പ് തയ്യാറാക്കി നൽകുന്ന വാർഷിക കർമ്മ പദ്ധതി (ആന്വൽ പ്ലാൻ ഓഫ് ഓപ്പറേഷൻ -APO) അംഗീകരിച്ചാണ് കേന്ദ്രവിഹിതം വകയിരുത്തുന്നത്. കേന്ദ്രവിഹിതം ഓരോ വർഷവും ഗഡുക്കളായാണ് അനുവദിക്കുന്നത്. നിലവിൽ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രവിഹിതം യഥാസമയം ലഭ്യമാകുന്നില്ല.<br><br>* **മൃഗസംരക്ഷണ വകുപ്പ്**<br><br>- സംസ്ഥാന വെറ്റിനറി കൗൺസിലുകളുടെ ഭരണചെലവും ആസ്തി വികസനചെലവും മുൻപ് കേന്ദ്രസർക്കാർ വഹിച്ചിരുന്നു. നിലവിൽ ഇതിനായി കേന്ദ്രസർക്കാർ ഫണ്ട് അനുവദിയ്ക്കുന്നില്ല. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് കേന്ദ്ര സർക്കാരിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള അധിക സഹായം സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം വിശദമാക്കുമോ; | (ബി) | * ഈ സർക്കാരിന്റെ കാലത്ത് കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അധികമായി കേന്ദ്രവിഹിതം ഒന്നും തന്നെ **കൃഷി വകുപ്പിന്** ലഭിച്ചിട്ടില്ല. എന്നാൽ ഈ സർക്കാരിന്റെ കാലത്ത് 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ കാർഷിക മേഖലയിലെ യന്ത്രവല്കരണത്തിനായുള്ള കേന്ദ്രാവിഷ്കൃത (SMAM) പദ്ധതിയ്ക്ക് മുൻ വർഷങ്ങളെ അപേക്ഷിച്ച് ഇരട്ടി കേന്ദ്ര വിഹിതം അനുവദിച്ചെങ്കിലും 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ പദ്ധതി വിഹിതത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്.<br><br>* **ജലസേചനവും ഭരണവും വകുപ്പിനെ** സംബന്ധിച്ചിടത്തോളം 2022-23 സാമ്പത്തിക വർഷത്തിൽ ജലസേചന വകുപ്പിന്റെ പ്രവർത്തികളിൽ Special Assistance to State for Capital Investment for 2022-23 ഇനത്തിൽ 19-03-2023 ലെ GO (Rt) |

<table>
<tr><td></td><td></td><td></td><td>No. 2126/2023/Fin പ്രകാരം 51.15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ 46.89 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>നടപ്പ സാമ്പത്തിക വർഷം സംസ്ഥാനത്തിന് അർഹമായ കേന്ദ്ര സഹായം എന്തെല്ലാമാണ്; ഓരോന്നും ഏതെല്ലാം വ്യവസ്ഥകളിന്മേലാണ് സംസ്ഥാനത്തിന് ലഭ്യമാവുക; അധിക സഹായമായി എന്തെല്ലാമാണ് സംസ്ഥാനം ആവശ്യപ്പെടുന്നത്; വ്യക്തമാക്കുമോ?</td><td>(സി)</td><td>
* 2024-25 സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾക്കുള്ള കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് താഴെ പറയും പ്രകാരമാണ്. ടി തുകകൾ അനുവദിക്കുന്നത് കേന്ദ്ര ധനകാര്യ കമ്മീഷന്റെ 14/07/2021, 16/07/2021, 28/07/2021 എന്നീ തീയതികളിലെ 15(2)FC-XV/FCD/2020-25 നമ്പർ മാർഗരേഖകൾ പ്രകാരമാണ് സംസ്ഥാനത്തിന് ലഭ്യമാക്കുന്നത്. അധിക സഹായം ആവശ്യപ്പെട്ടിട്ടില്ല.
<table>
<tr><th>ഫണ്ടിനം</th><th>തുക കോടിയിൽ</th></tr>
<tr><td>RLB Grand</td><td>1334.00</td></tr>
<tr><td>Non-Million Plus cities Grant</td><td>390.00</td></tr>
<tr><td>Million Plus cities grant</td><td>297.00</td></tr>
<tr><td>Health Sector Grant</td><td>616.28</td></tr>
<tr><td>ആകെ</td><td>2637.28</td></tr>
</table>
* ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 (50% CSS പദ്ധതി) പ്രകാരമുള്ള റേഷൻ വിതരണം ചെയ്യുന്നതിലേക്കായി ഗതാഗത കൈകാര്യ ചെലവ്, റേഷൻ വ്യാപാരി കമ്മീഷൻ ഇനങ്ങളിൽ നിശ്ചയിക്കപ്പെട്ട നിരക്കുകൾ പ്രകാരം കേന്ദ്ര വിഹിതമായി യഥാക്രമം 32 കോടി രൂപയും 52 കോടി രൂപയും ലഭിക്കാൻ അർഹതയുണ്ട്.
* റേഷൻ വിതരണത്തിൽ ആധുനികവൽകരണവും പരിഷ്കാരങ്ങളും ആധുനിക ടെക്നോളജിയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന Smart PDS (60% CSS)പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരുമായി MoU ഒപ്പ് വച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരമുള്ള കേന്ദ്ര സഹായം ലഭിക്കാനുണ്ട്.
*സപ്ലൈകോയ്ക്ക് നെല്ല് സംഭരണത്തിന് മിനിമം സപ്പോർട്ട് പ്രൈസ് മില്ലിങ് ചാർജ്ജ് ഹാൻഡിലിംഗ് ചാർജ്ജ് , FRK (ഫോർട്ടിഫൈഡ് റൈസ് കെർണൽ) ചാർജ്ജ്, ജൂട്ട് ബാഗ് ചാർജ്ജ് എന്നീ ഇനങ്ങളിലാണ് കേന്ദ്ര സഹായം ലഭിക്കുന്നത്. നടപ്പ് സാമ്പത്തിക വർഷം മേൽ പറഞ്ഞിട്ടുള്ള ഇനങ്ങളിൽ ആണ് കേന്ദ്ര സഹായം പ്രതീക്ഷിക്കുന്നത്.
*കേരളം വനം വകുപ്പിന് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിലായി നടപ്പ് സാമ്പത്തിക വർഷം ലഭിക്കേണ്ടുന്ന കേന്ദ്ര വിഹിതം സംബന്ധിച്ച വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം)
* കൃഷിനാശം ഉൾപ്പെടെയുള്ള മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് വേണ്ടിയുള്ള 620 കോടി രൂപയുടെ പദ്ധതി (Project Proposal for Management of Human-Wildlife Conflict in Kerala)-യുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.
* 1) ലൈവ് സ്റ്റോക്ക് ഹെൽത്ത് & ഡിസീസ് കൺട്രോളിന് കീഴിൽ
</td></tr>
</table>

(എ) മൊബൈൽ വെറ്റിനറി യൂണിറ്റ് (MVU)

(ബി) അസിസ്റ്റൻസ് ടു സ്റ്റേറ്റ് ഫോർ കൺട്രോൾ ഓഫ് അനിമൽ ഡിസീസസ് (ASCAD)

(സി) നാഷണൽ അനിമൽ ഡിസീസ് കൺട്രോൾ പ്രോഗ്രാം,

(ഡി) NADCPപദ്ധതി

2) നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ

(3) (a) ഇൻറഗ്രേറ്റഡ് സാമ്പിൾ സർവ്വേ

(b)ലൈവ് സ്റ്റോക്ക് സെൻസസ് (100% css) എന്നിവയാണ് നടപ്പ സാമ്പത്തിക വർഷം സംസ്ഥാനത്തിന് അർഹമായ കേന്ദ്ര സഹായ പദ്ധതികൾ.

**വ്യവസ്ഥകൾ:** അംഗീകരിച്ച പ്രൊപ്പോസലുകളുടെ 25% തുക നാല് ഗഡുക്കളായാണ് ലഭ്യമാക്കുന്നത്. ആദ്യഗഡുവായി ലഭ്യമാകുന്ന തുകയുടെ 75% ചെലവഴിച്ച്, ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയ ശേഷം മാത്രമാണ് അടുത്ത ഗഡു ലഭ്യമാകുന്നത്.

കേന്ദ്ര ഫണ്ട് PFMS പോർട്ടൽ മുഖേന Single Nodal Agency /Central Nodal Agency അക്കൗണ്ടിലേക്ക് മാത്രമാണ് ലഭ്യമാകുന്നത്.

PFMS മുഖേന ലഭ്യമാകുന്ന ഫണ്ട് കേന്ദ്ര മാർഗ്ഗനിർദ്ദേശപ്രകാരം (Procedure for fund flow in SNA/CNA) മാത്രം ചെലവഴിക്കേണ്ടതാണ്.

അധിക സഹായമായി ആവശ്യപ്പെടുന്നത് ച്ചവടെ ചേർത്തിരിക്കുന്നു.

1) ASCAD - 2024-25 - Bovine Anaplasma Vaccine Development - 118.56 Lakh

2) ASCAD AMR Research Proposal - 50 Lakh

3) Proposal for Assistance to conduct Continuing Veterinary Education (CVE) under ASCAD 2024-25 - 50.9 Lakh

4) IoT based Cold Chain Monitoring System for Veterinary Hospitals in Kerala - 525 Lakh

5) LH & DC - NADCP 2024-25 - Cold Chain Component 434.24 lakh

6) LH & DC ASCAD Central Share -Amounts expended for the control and containment of Avian Influenza (HPAI) and African Swine Fever outbreaks in Kerala - 620.09 Lakh

7) Mobile Veterinary Unit (Committed expenditure for 2023-24)- 259.59 Lakh

8) ESVHD - MVU - Office expenses of Call Centre - 6.01 Lakh/year

9) Proposal for Establishment of BSL-3 Diagnostic Virology Facility at SIAD, Palode - 2851.21508 Lakh

10) LH & DC 2024-25 ASCAD - Revision of proposed anti Rabies Vaccine cost - 87.02 Lakh

* ക്ഷീരവികസന വകുപ്പ് - മിൽമയ്ക്ക് കേന്ദ്ര സഹായമായി എൻ.പി.ഡി.ഡി (നാഷണൽ പ്രോഗ്രാം ഫോർ ഡയറി ഡെവലപ്പ്മെന്റ്) വഴി ലഭിക്കുന്ന ഫണ്ടുകൾ മിൽമ സമർപ്പിക്കുന്ന പദ്ധതികൾ വിലയിരുത്തിയ ശേഷം, സ്റ്റേറ്റ് ഇംപ്ലിമെന്റിംഗ് ഏജൻസിയായ കേരള സഹകരണ ക്ഷീരവിപണന ഫെഡറേഷൻ (കെ.സി.എം.എം.എഫ്) വഴിയാണ് ലഭ്യമാകുന്നത്.

* നടപ്പ് സാമ്പത്തിക വർഷം കൃഷി വകുപ്പ് മുഖാന്തരം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അലോക്കേഷൻ, കേന്ദ്ര വിഹിതം സംബന്ധിച്ച് സ്കീം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഓരോ കേന്ദ്രാവിഷ്കൃത പദ്ധതിയും ഏകീകൃതമായ നിർദ്ദിഷ്ട പദ്ധതി മാർഗ്ഗരേഖ പ്രകാരമാണ് ഫണ്ട് ലഭ്യമാകുന്നത്. എല്ലാ സംസ്ഥാനങ്ങൾക്കും ഏകീകൃത മാർഗ്ഗ നിർദ്ദേശങ്ങൾ ആണെങ്കിലും, കേരള സംസ്ഥാനത്തിന്റെ വേറിട്ട ഭൂപ്രകൃതി, ഉയർന്ന കൂലി ചെലവ്, ഉയർന്ന ഉല്പാദന ചെലവ്, ഉയർന്ന കൃഷിചെലവ് എന്നിവ കണക്കിലെടുത്ത് സംസ്ഥാനം കേന്ദ്ര സർക്കാരിനോട് സഹായ നിരക്ക് വർദ്ധിപ്പിക്കണമെന്ന് വിവിധ ഘട്ടങ്ങളിൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

2024-2025 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായുള്ള അലോക്കേഷൻ (***കേന്ദ്ര വിഹിതം***):

| **ക്രമ നം** | **പദ്ധതി** | **അലോക്കേഷൻ കേന്ദ്രവിഹിതം (ലക്ഷം രൂപ)** |
|---|---|---|
| 1 | സബ് മിഷൻ ഓൺ അഗ്രികൾച്ചർ എക്സ്റ്റൻഷൻ | 1650 |
| 2 | നാഷണൽ ബാംബൂ മിഷൻ | 80 |
| 3 | ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ | 66 |
| 4 | നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽസ് | 971 |
| 5 | മിഷൻ ഓൺ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ | 3600 |
| 6 | ഡിജിറ്റൽ ക്രോപ്പ് സർവ്വേ | 0 |

| | | |
|---|---|---|
| 7 | സബ് മിഷൻ ഓൺ സീഡ്സ് ആന്റ് പ്ലാനിംഗ് മെറ്റീരിയൽസ് | 300 |
| | Krishi Unnathi Yojana Sub Total | 6667 |
| | രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതികൾ | |
| 1 | സോയിൽ ഹെൽത്ത് കാർഡ് | 379 |
| 2 | റെയ്ൻ ഫെഡ്ഏരിയ ഡെവലപ്പ്മെന്റ് സ്കീം | 300 |
| 3 | പരമ്പരാഗത് കൃഷി വികാസ് യോജന - ഭാരതീയ പ്രകൃതി കൃഷി പദ്ധതി (BPKP) | 782 |
| 4 | പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജനയുടെ ഭാഗമായ പർ ഡ്രോപ്പ് മോർ ക്രോപ്പ് സ്കീം | 600 |
| 5 | സബ് മിഷൻ ഓൺ അഗ്രികൾച്ചർ മെക്കാനൈസേഷൻ | 5244 |
| 6 | സബ് മിഷൻ ഓൺ അഗ്രോ ഫോറസ്ട്രി | 50 |
| 7 | രാഷ്ട്രീയ കൃഷി വികാസ് യോജന – ഡിപിആർ ഘടകം | 3069 |
| | RKVY Sub Total | 10424 |
| | ആകെ | 17091 |

* കേരള വാട്ടർ അതോറിറ്റിയിൽ, കേന്ദ്ര - സംസ്ഥാന സർക്കാർ 50:50 എന്ന അനുപാതത്തിൽ നടത്തുന്ന പദ്ധതിയാണ് ജലജീവൻമിഷൻ. നടപ്പ സാമ്പത്തിക വർഷം ജലജീവൻമിഷന്റെ നടത്തിപ്പിനായി 1949.36 കോടി രൂപയാണ് കേന്ദ്ര സർക്കാർ വകയിരുത്തിയിട്ടുള്ളത്. അതിൽ ആദ്യ മൂന്ന ഗഡുക്കളായി 974.67 കോടി രൂപ ലഭിച്ചിട്ടുണ്ട്. 2024-25 വർഷത്തെ കേന്ദ്ര വിഹിതത്തിന്റെ മൂന്നാമത്തെ ഗഡു ആയ 389.87 കോടി രൂപ 31/09/2024 -ൽ ആണ് ലഭിച്ചത്. സംസ്ഥാന വിഹിതത്തിനായുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്. ജലജീവൻമിഷന്റെ വ്യവസ്ഥകൾ പ്രകാരം പദ്ധതി നടത്തിപ്പിനായി ഓരോ ഗഡു കേന്ദ്ര സർക്കാർ നൽകുമ്പോഴും സംസ്ഥാന സർക്കാർ അതിന് തത്തുല്യമായ തുക നൽകുന്ന മുറയ്ക്കാണ് കേന്ദ്ര വിഹിതത്തിന്റെ അടുത്ത ഗഡു ലഭ്യമാകുന്നത്. കേന്ദ്രത്തിന്റെ Special Assistance to State for Capital Investment

2024-25 Scheme പ്രകാരം 1004.94 കോടി രൂപയുടെ ധനസഹായത്തിനുള്ള അപേക്ഷയും സർക്കാർ പരിശോധിച്ച് വരുന്നു.

ഐ.ഡി.ആർ.ബി-യിൽ നാഷണൽ ഹൈഡ്രോളജി പ്രോജക്ട് 100 % ഗ്രാന്റോടുകൂടിയ സെൻട്രൽ സെക്ടർ സ്കീം ആണ് (തുകയുടെ 50 % ലോക ബാങ്ക് വായ്പയും 50 % ഗവണ്മെന്റ് ഓഫ് ഇന്ത്യയുടെ ബജറ്റ് പിന്തുണയും). ലോക ബാങ്കിന്റെ സഹായത്തോടുകൂടി MoWR, RD&GR ആണ് ഇത് നടപ്പിലാക്കുന്നത്. 2016 മുതൽ 2025 സെപ്റ്റംബർ വരെ കാലാവധിയുള്ള ഈ പദ്ധതിക്ക് 44 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. നാളിതുവരെ 24.61 കോടി രൂപ ചിലവായിട്ടുണ്ട്. നടപ്പ സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്ക് വേണ്ടി 1.28 കോടി രൂപയാണ് അനുവദിച്ച വന്നത്. ഈ തുകയുടെ 75 ശതമാനം ചിലവാക്കുന്ന മുറക്ക് അടുത്ത ഫണ്ടിന് വേണ്ടിയുള്ള പ്രൊപ്പോസൽ സമർപ്പിക്കാവുന്നതാണ്. ഭൂജല വകുപ്പിൽ, ഈ സാമ്പത്തിക വർഷത്തേക്ക് National Hydrology Project-ന്റെ പ്രവർത്തനങ്ങൾക്കു വേണ്ടി 13.33 കോടിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. National Hydrology Project ഒരു Central Sector Scheme (World Bank Aided) ആയതിനാൽ കേന്ദ്ര സർക്കാരിൽ നിന്നും 100% Grant ആയാണ് ഫണ്ട് ലഭിക്കുന്നത്. ഓരോ ഘട്ടത്തിലും അനുവദിക്കുന്ന തുകയുടെ 90% ഉപയോഗിച്ചാൽ മാത്രമാണ് അടുത്ത ഘട്ട തുക അനുവദിക്കാറുള്ളത്.കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച 304.64 ലക്ഷം രൂപയിൽ ബാക്കി ഉണ്ടായിരുന്ന 100 ലക്ഷം രൂപ ഈ വർഷത്തിന്റെ ആദ്യ മാസങ്ങളിൽ ഉപയോഗിച്ച് വരുന്നു. നിലവിൽ അനുവദിച്ച തുകയുടെ 98% ഉപയോഗിച്ച് തീർന്നതിനാൽ ഈ വർഷത്തേക്കുള്ള 12 കോടി രൂപ അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രോജക്ട്- II - നെ സംബന്ധിച്ചിടത്തോളം നടപ്പ സാമ്പത്തിക വർഷം മൂവാറ്റുപുഴ ജലസേചന പദ്ധതിയുടെ പ്രവർത്തികൾക്കായി CADWM 3 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. 50% സംസ്ഥാനവും 50% കേന്ദ്രവും എന്ന വ്യവസ്ഥയിലാണ് ധനസഹായം ലഭിച്ച വരുന്നത്.

ജലസേചവും ഭരണവും വകുപ്പിനെ സംബന്ധിച്ച്,

1. Pradhan Manthri Krishi Sinchayee Yojana (PMKSY)

PMKSY – HKKP (Har Khet Ko Pani) – പദ്ധതിയുടെ പുതിയ മാർഗ്ഗരേഖ പ്രകാരം കേന്ദ്ര അംഗീകാരം ലഭിക്കുന്ന പദ്ധതികൾക്ക് 60:40 (കേന്ദ്രം : സംസ്ഥാനം) എന്ന അനുപാതത്തിലാണ് കേന്ദ്ര സഹായം ലഭ്യമാകുന്നത്. 2022 ലെ പുതുക്കിയ മാർഗ്ഗ രേഖയിലെ നിബന്ധനകൾക്കനുസരിച്ച് മാത്രമേ കേന്ദ്രസഹായം ലഭിക്കുകയുള്ളൂ. വിവിധ തലത്തിലുള്ള ചർച്ചകൾക്കുശേഷം പത്തനംതിട്ട ജില്ലയിൽ നിന്നും 4 പ്രവർത്തികളുടെ ഡി.പി.ആർ. 17-04-2024 ൽ കൂടിയ State Technical Advisory Committee (STAC) അംഗീകാരത്തിനു ശേഷം State Level Sanctioning Committee) SLSC ക്ക് സമർപ്പിക്കുന്നതിനായി ഡി.പി.ആർ. 19-06-2024 ൽ സമർപ്പിച്ചിട്ടുള്ളത് സർക്കാർ പരിശോധിച്ച വരുന്നു. SLSC യുടെ

അംഗീകാരത്തിനു ശേഷം ഡി.പി.ആർ. കേന്ദ്ര സർക്കാരിലേയ്ക്ക് നൽകുകയും തുടർന്ന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കി കേന്ദ്ര വിഹിതം നേടിയെടുക്കാവുന്നതുമാണ്. നിലവിൽ സമർപ്പിച്ചിരിക്കുന്ന 4 പ്രവൃത്തികൾക്കും കൂടി ആകെ 1407 ലക്ഷം രൂപയുടെ Estimate തയ്യാറാക്കിയിട്ടുണ്ട്.

2. State Disaster Management Fund (SDMF) National Disaster Management Fund (NDMF)

സംസ്ഥാനത്ത് ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സഹായത്തോടുകൂടി പ്രാവർത്തികമാക്കാവുന്ന രണ്ട് പദ്ധതികളാണ് SDMF-ഉം NDMF-ഉം ദുരന്ത നിവാരണത്തിനായി നിലവിലെ മാനദണ്ഡങ്ങൾക്കനുസരിച്ച് ജലസേചന വകുപ്പിൽനിന്നും പദ്ധതികൾ സമർപ്പിച്ച് കേന്ദ്ര അംഗീകാരം ലഭിച്ചാൽ മേൽപ്പടി പദ്ധതികൾക്ക് SDMF ൽ നിന്ന് 75 (Central) : 25 (State) അനുപാതത്തിലും NDMF ൽ നിന്നും 90 (Central) : 10 (State) അനുപാതത്തിലും കേന്ദ്ര സഹായം ലഭിക്കുന്നതാണ്. 24-07-2024 ൽ NDMF ന് കീഴിൽ തീരദേശ നദിശോഷണം ലഘൂകരിക്കുന്നതിനുള്ള പദ്ധതികൾ സംബന്ധിച്ചുള്ള ആലോചനായോഗം കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ ജലസേചന വകുപ്പ്, ഫിഷറീസ് വകുപ്പ്, തീരദേശ സംരക്ഷണ മിഷൻ ഡയറക്ടറേറ്റ്, കേരള സ്റ്റേറ്റ് തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് (KSCADC) എന്നീ വകുപ്പുകളെ ഉൾക്കൊള്ളിച്ചുകൂടിയായിരുന്നു. മേൽപ്പടി വകുപ്പുകളിൽ നിന്നും ലഭിക്കുന്ന പദ്ധതികളെ സംയോജിപ്പിച്ച് ഒരു പ്രൊപ്പോസൽ നിലവിലെ NDMF ഫണ്ട് ലഭ്യമാക്കുന്നതിനായി Kerala Sate Disaster Management Authority (KSDMA) മുഖാന്തിരം സമർപ്പിക്കാമെന്ന് യോഗത്തിൽ തീരുമാനമുണ്ടായി. യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിലവിലെ മാനദണ്ഡങ്ങൾക്കനുസരിച്ച് ജലസേചന വകുപ്പിൽ നിന്നുള്ള പദ്ധതികൾ (NDMF) ഫണ്ട് ലഭ്യമാക്കുവാൻ KSDMA യിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. Flood Management Border Area Programme (FMBAP)

നദി പരിപാലനം, വെള്ളപ്പൊക്കനിയന്ത്രണം, മണ്ണൊലിപ്പ് തടയൽ, ഡ്രെയിനേജ് വികസനം, വെള്ളപ്പൊക്കം തടയൽ, തകർന്ന വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾ പുനസ്ഥാപിക്കൽ, കടൽ മണ്ണൊലിപ്പ് എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് സംസ്ഥാന സർക്കാരുകൾക്ക് കേന്ദ്രസഹായം ലഭ്യമാക്കുന്ന പദ്ധതിയാണ് Flood Management Border Area Programme (FMBAP) ഈ പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖ പ്രകാരം ധനസഹായത്തിന്റെ അനുപാതം 50% കേന്ദ്രം : 50 % സംസ്ഥാനം എന്നതാണ്.

സെക്ഷൻ ഓഫീസർ

1

APP-II

2021-22, 2022-23 & 2023-24 സാമ്പത്തിക വർഷങ്ങളിൽ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ അംഗീകാരം ലഭിച്ചതും റിലീസ് ചെയ്തതുമായ കേന്ദ്ര വിഹിതം സംബന്ധിച്ച വിവരം തുക ലക്ഷത്തിൽ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | 2021-22 | | | 2022-23 | | | 2023-24 | | |
|---|---|---|---|---|---|---|---|---|---|---|
| | | അംഗീകരിച്ച തുക | റിലീസ് ചെയ്ത തുക | ബാക്കി | അംഗീകരിച്ച തുക | റിലീസ് ചെയ്ത തുക | ബാക്കി | അംഗീകരിച്ച തുക | റിലീസ് ചെയ്ത തുക | ബാക്കി |
| 1 | വന്യജീവി ആവാസ കേന്ദ്രങ്ങളുടെ സമഗ്ര വികസനം | 713 63 | 178.41 | 535.22 | 742.43 | 185.60 | 556.83 | 987.70 | 246.93 | 740.77 |
| 2 | വരയാടുകളുടെ പ്രത്യേക സംരക്ഷണം | 100.95 | 25.24 | 75.71 | 111 75 | 27.94 | 83.81 | 39.00 | 9.75 | 29.25 |
| 3 | ഗുരുതരമായ വംശനാശഭീഷണി നേരിടുന്ന ജീവിവർഗ്ഗങ്ങളെ സംരക്ഷിക്കുന്ന പദ്ധതി | 43.50 | 10.88 | 32.62 | 42.33 | 10.58 | 31.75 | 33.28 | 8.32 | 24.96 |
| 4 | വന്യജീവി ആവാസ കേന്ദ്രങ്ങളുടെ സമഗ്ര വികസനം – വന്യജീവി സംരക്ഷണമേഖലയ്ക്ക് പുറത്തുള്ള വന്യജീവി സംരക്ഷണം | - | - | - | - | - | - | 2,214.00 | 553.50 | 1,660.50 |
| 5 | വന്യജീവി ആവാസ കേന്ദ്രങ്ങ | 363.84 | 90.96 | 272.88 | 365.22 | 91.31 | 273.91 | 418.16 | 104.54 | 313.62 |

(2)

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | 2021-22 | | | 2022-23 | | | 2023-24 | | |
|---|---|---|---|---|---|---|---|---|---|---|
| | | അംഗീകരിച്ച തുക | റിലീസ് ചെയ്ത തുക | ബാക്കി | അംഗീകരിച്ച തുക | റിലീസ് ചെയ്ത തുക | ബാക്കി | അംഗീകരിച്ച തുക | റിലീസ് ചെയ്ത തുക | ബാക്കി |
| | ളുടെ സമഗ്ര വികസനം - വയനാട് വന്യജീവി സങ്കേതത്തിലെ സംരക്ഷിത പ്രദേശങ്ങളിൽ നിന്നും മനുഷ്യ വാസ കേന്ദ്രങ്ങൾ സ്വമേധയാ മാറ്റി സ്ഥാപിക്കുന്നതിനുള്ള പദ്ധതി | | | | | | | | | |
| 6 | പ്രോജക്റ്റ് എലിഫന്റ് | 684.93 | 580.96 | 103.97 | 696.73 | 319.33 | 377.40 | 467.96 | 350.97 | 116.99 |
| 7 | കടുവ സംരക്ഷണ പദ്ധതി | 868.79 | 868.78 | 0.01 | 857.40 | 428.66 | 428.74 | 871.09 | 653.31 | 217.78 |
| 8 | അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വ് | | *122.69** | | | *53.54** | | *117.45* | *44.36* | *73.09* |
| 9 | വനാഗ്നി തടയലും സംരക്ഷണവും (ട്രൈബൽ സബ് പ്ലാൻ ഉൾപ്പെടെ) | 453.60 | 362.87 | 90.73 | 1094.436 | 480.86 | 613.576 | 1420.806 | 355.21 | 1065.596 |
| 10 | ദേശീയ തീരദേശ ദൗത്യം (വേമ്പനാട്, കണ്ണൂർ മേഖലകളിലെ കണ്ടൽ കാടുകളുടെ | 0 | 0 | 0 | 100.56 | 25.14 | 75.42 | 0 | 0 | 0 |